## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 532** **10-07-2024 - ൽ മറുപടിയ്ക്ക്**

## നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പാസ്സാകുന്നവർക്ക് പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പാസ്സാകുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവതീ യുവാക്കൾക്ക് മികച്ച പരിശീലനം ഉറപ്പാക്കി അന്താരാഷ്ട്ര തലത്തിൽ തൊഴിൽ നേടുന്നതിനുൾപ്പെടെ പ്രാപ്തരാക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഉണ്ട് . പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ്, പാരാമെഡിക്കൽ ബിരുദ / ഡിപ്ലോമധാരികളായ യുവതീയുവാക്കൾക്ക് കൃത്യമായ പ്രായോഗിക പരിശീലനം ലഭിക്കാത്തതിനാൽ സർക്കാർ/ സ്വകാര്യ മേഖലകളിലെ മികവാർന്ന തൊഴിൽ മേഖലകളിൽ എത്തിപ്പെടാതെ പോകുന്ന സാഹചര്യം , മികച്ച വിദ്യാഭ്യാസ യോഗ്യത ഉണ്ടായിട്ടും അതിനനുസൃതമായ തൊഴിൽ ലഭ്യമാകാത്തതിനാൽ സ്വകാര്യ മേഖലകളിൽ തുച്ഛമായ വേതനത്തിന് ജോലി ചെയ്യേണ്ടി വരുന്ന അവസ്ഥയും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലും പാലക്കാട് മെഡിക്കൽ കോളേജിലും നഴ്സിംഗ്, പാരാമെഡിക്കൽ ബിരുദ/ഡിപ്ലോമ ധാരികളായ യുവതീ യുവാക്കൾക്ക് 2 വർഷം പ്രായോഗിക പരിശീലനം നൽകി അവരുടെ ആത്മ വിശ്വാസവും, പരിചയ സമ്പത്തും വർദ്ധിപ്പിച്ച് ഈ മേഖലയിൽ തന്നെ മികച്ച തൊഴിൽ കണ്ടെത്താൻ സഹായകരമാകുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനായി വകുപ്പ് നഴ്സിംഗ്/ പാരാമെഡിക്കൽ അപ്രന്റീസ്ഷിപ്പ് പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുകയും അത് നടപ്പിലാക്കി വരികയുമാണ് .<br><br>നൈപുണ്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട Bachelors Degree in Nursing/Post Basic B.Sc Diploma in General Nursing/Master Degree in Nursing യോഗ്യതയുള്ള യുവതീ യുവാക്കൾക്ക് ജർമ്മനി, UKഎന്നീ വികസിത രാജ്യങ്ങളിലെ ഭാഷ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡ് (ODEPC) എന്ന |

| | | | |
|---|---|---|---|
| | | | ഏജൻസി മുഖാന്തരം 2023-24 വർഷം നൽകിയിട്ടുണ്ട് . |
| (ബി) | ഇവർക്ക് വിവിധ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഓണറേറിയത്തോടെയുള്ള അപ്രന്റീസ്ഷിപ്പ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട് . പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് (BSc Nursing/GNM), പാരാമെഡിക്കൽ ബിരുദ/ ഡിപ്ലോമധാരികളായ യുവതീ യുവാക്കൾക്ക് കൃത്യമായ പ്രായോഗിക പരിശീലനം നൽകി മികവുറ്റ ജോലികൾ കരസ്ഥമാക്കുന്നതിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ജില്ലകളിലെയും ആരോഗ്യ വകുപ്പിന് കീഴിലുള്ള CHC/CHC Converted to FHC, താലൂക്ക് ഹോസ്പിറ്റൽ/താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ, ജനറൽ ഹോസ്പിറ്റൽ & പാലക്കാട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പട്ടികജാതി വിഭാഗത്തിലെ 624 യുവതീ യുവാക്കളെ നഴ്സിംഗ് അപ്രന്റീസായും, എല്ലാ ജില്ലകളിലെയും ആരോഗ്യ വകുപ്പിന് കീഴിലുള്ള താലൂക്ക് ഹോസ്പിറ്റൽ/താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, ജില്ലാ ഹോസ്പിറ്റൽ, ജനറൽ ഹോസ്പിറ്റൽ & പാലക്കാട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പട്ടികജാതി വിഭാഗത്തിലെ 174 യുവതീയുവാക്കളെ പാരാമെഡിക്കൽ അപ്രന്റീസായും നിയമിക്കുന്നതിന് അനുമതി നൽകുകയും നഴ്സിംഗ് / പാരാമെഡിക്കൽ അപ്രന്റീസുമാരെ നിയമിക്കുന്നതിനായുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ച് വരികയും ചെയ്യുന്നു .<br><br>പട്ടികവർഗ്ഗ വികസന വകുപ്പ് , ആരോഗ്യ വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള നഴ്സിംഗ് ഉൾപ്പെടെയുള്ള വിവിധ പാരാമെഡിക്കൽ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവരെ പട്ടികവർഗ്ഗ മേഖലയിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ട്രൈബൽ പാരാ മെഡിക്സ് ട്രെയിനി എന്ന നൂതന പദ്ധതി നടപ്പിലാക്കി വരുന്നു . |
| (സി) | സ്വകാര്യ മെഡിക്കൽ കോളേജുകളിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശിപാർശ പ്രകാരം ഇത്തരം അപ്രന്റീസ്ഷിപ്പ് നൽകി കൂടുതൽ പേർക്ക് തൊഴിൽ പരിചയം ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (സി) | ഇല്ല. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലും പാലക്കാട് മെഡിക്കൽ കോളേജിലുമാണ് നഴ്സിംഗ് / പാരാമെഡിക്കൽ ബിരുദ/ഡിപ്ലോമധാരികളായ യുവതീയുവാക്കളെ അപ്രന്റിസായി നിയമിക്കുന്നതിന് നിലവിൽ അനുമതി നൽകിയിട്ടുള്ളത് .<br><br>സ്വകാര്യ മെഡിക്കൽ കോളേജിലും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ട്രൈബൽ പാരാ മെഡിക്കൽ ട്രെയിനികളെ നിയമിക്കേണ്ട സാഹചര്യം നിലവിലില്ല. യോഗ്യരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് |

| | | | |
|---|---|---|---|
| | | | സർക്കാർ ആശുപത്രികളിൽ തന്നെ നിയമനം നൽകി വരുന്നുണ്ട് . |
| (ഡി) | നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പാസായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ അനുബന്ധ കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | നഴ്സിംഗ്/ പാരാമെഡിക്കൽ കോഴ്സുകൾ പാസ്സായ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ അനുബന്ധ കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ